ദീപിക
25 July 2018

# ജലാശയങ്ങൾ മലിനമാകാതെ തടയാൻ നീലഹരിതസേന

കൊച്ചി: കായലോരഗ്രാമങ്ങളിലെ ജലാശയങ്ങൾ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിവരുന്ന നിർമല ധാര പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ ഭാഗമായി വിദ്യാർഥികളുടെ നേതൃത്വത്തിലുള്ള നീലഹരിത സേനയ്ക്കു രൂപം നൽകി. എറണാകുളം സെന്റ് ആൽബർട്ട്സ് കോളജ് വിദ്യാർഥികളെ ഉൾപ്പെടുത്തിയാണു സേനരൂപീകരിച്ചത്.

ഗ്രാമതലങ്ങളിൽ മാലിന്യനിർമാർജന ബോധവൽക്കരണം നടത്തുന്നതിന് സിഎംഎഫ്ആർഐ ഗവേഷക സംഘത്തോടൊപ്പം ഇനിമുതൽ നീലഹരിത സേനയും രംഗത്തിറങ്ങും. ജലാശയങ്ങളിലേക്കു തള്ളാതെ വീടുകളിൽ നിന്നുതന്നെ പ്ലാസ്റ്റിക്കുകൾ പദ്ധതിയുടെ ഭാഗമായി ശേഖരിക്കും. സിഎംഎഫ്ആർഐയിൽ നടന്ന ബോധവൽക്കരണ പരിപാടി മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വിജി ഷാജൻ ഉദ്ഘാടനം ചെയ്തു.

മുളവുകാട് പഞ്ചായത്തിൽ തുടക്കമിട്ട നിർമലധാര പദ്ധതി മറ്റു പഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകുമെന്നു മാലിന്യ നിർമാർജന ബോധവൽക്കരണ ലഘുലേഖ പ്രകാശനം ചെയ്തു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഡോ. വി. കൃപ നിർമല ധാര പദ്ധതി വിശദീകരിച്ചു.




മാലിന്യ നിർമാർജനത്തെപ്പറ്റിയുള്ള ലഘുലേഖയുടെ പ്രകാശനം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നിർവഹിക്കുന്നു